LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി അഴിമുഖത്തെ കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്

75(2431) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഇടനാഴിയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ് നിർമ്മാണ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

&

(ബി) ആയതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന തീരദേശ ഇടനാഴിയുടെ ഭാഗമായ പൊന്നാനി പടിഞ്ഞാറേക്കര പാലത്തിന്റെ (കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്) നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സാധ്യതാപഠനം നടത്തി തയ്യാറാക്കിയ ഡി.പി.ആർ. സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 280.09 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തിയിൽ കല്ലുകൾ സ്ഥാപിക്കുകയും എൽ.എ. ആവശ്യങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭഫണ്ട് എൽ.എ. ഓഫീസർക്ക് കൈമാറുകയും ചെയ്തു. ഈ പദ്ധതിക്ക് ആവശ്യമായതിൽ 30% ഭൂമി മാത്രമേ ഭൂഉടമകളിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുള്ളൂ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് ടെണ്ടർ ക്ഷണിക്കാൻ അനുമതി നൽകിയെങ്കിലും ബാക്കിവരുന്ന 30% ഭൂമി ഏറ്റെടുക്കുകയോ അതല്ലെങ്കിൽ ഭൂഉടമകളിൽ നിന്ന് NOC ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനം കരാറുകാരനെ ചുമതലപ്പെടുത്താൻ സാധിക്കുകയുള്ളൂ. ടെണ്ടർ സമർപ്പിക്കേണ്ട നിർദ്ദിഷ്ട തീയതി നീട്ടി നൽകണമെന്ന കരാറുകാരുടെ ആവശ്യാനുസരണം നീട്ടി നൽകുകയും തുടർന്ന് ലഭിച്ച ടെണ്ടറുകളുടെ പരിശോധന നടന്നുവരികയുമാണ്.

മഞ്ചേരി ജസീല ജംഗ്ഷനിലെ ഫ്ലൈ ഓവർ

76(2432) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയ മഞ്ചേരി ജസീല ജംഗ്ഷനിലെ ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഏറനാട് താലൂക്ക്-മഞ്ചേരി ജസീല ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് 1650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ഫ്ളൈഓവർ പ്രവൃത്തിക്കാവശ്യമായ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയറിയുന്നതിന് നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തിന്റെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട്, സ്ഥലത്തെ പൊതുമരാമത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ അതിരുകളിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

77(2433) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ ചുള്ളിമട പാലത്തിന്റെ സബ്സ്ട്രക്ചർ പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പുരോഗതിയിലാണ്. നദീസംരക്ഷണ പ്രവൃത്തി അവസാനഘട്ടത്തിലാണ്. പുന്നപ്പാടം (മമ്പാട്) കോസ് വേ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു. കുളിയാട്ട് കടവ് പാലത്തിന്റെ റിപ്പയർ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. നിരത്ത്, കെട്ടിടവിഭാഗങ്ങളിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരം പൊതുമരാമത്ത് കെട്ടിടം, റോഡ്, പാലങ്ങൾ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ ചുള്ളിമടപാലത്തിന്റെ സബ്സ്ട്രക്ചർ പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പുരോഗതിയിലാണ്. നദീസംരക്ഷണ പ്രവൃത്തി അവസാനഘട്ടത്തിലാണ്. പുന്നപ്പാടം (മമ്പാട്) കോസ് വേ ടെണ്ടറിംഗ് നടപടി പുരോഗമിക്കുന്നു. കുളിയാട്ട് കടവ് പാലത്തിന്റെ റിപ്പയർ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. നിരത്ത്, കെട്ടിടവിഭാഗങ്ങളിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly